**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 875** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പി.എസ്.സി.യുടെ കാറ്റഗറി നമ്പർ 120/2017 പ്രകാരം നിലവിൽ വന്ന ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ നല്കി എന്ന് വിശദമാക്കാമോ; | (എ) | 68 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള റാങ്ക് ലിസ്റ്റ് 08/06/2021-ന് നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിനു മൂന്ന് വർഷം വരെയോ, ടി തസ്തികയ്ക്കായി മറ്റൊരു റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നത് വരെയോ, ഏതാണോ ആദ്യം അത് വരെ കാലാവധിയുണ്ട്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിലേക്കായി നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിലേക്കായി നിലവിൽ പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ ആകെ 19 ഒഴിവുകൾ വനം വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുവാൻ കഴിയുന്ന റിട്ടയർമെന്റ് വേക്കൻസി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | നിലവിൽ 2022 വർഷത്തെ റിട്ടയർമെന്റ് ഒഴിവുകൾ കണക്കാക്കി ആറ് പ്രതീക്ഷിത ഒഴിവുകൾ വനം വകുപ്പിൽ നിന്ന് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ; | (ഇ) | വനം വകുപ്പിലെ ഡ്രൈവർ തസ്തികകളിൽ താൽക്കാലിക നിയമനം നിർത്തലാക്കി സ്ഥിര നിയമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് എഫ്1/3/2021/വനം ഫയലിൽ പരിശോധനയിലാണ്. |
| (എഫ്) | ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ? | (എഫ്) | വനം വകുപ്പിലെ ഡ്രൈവർ തസ്തികകളിൽ താൽക്കാലിക നിയമനം നിർത്തലാക്കി സ്ഥിര നിയമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | എഫ്1/3/2021/വനം ഫയലിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ